# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .172 — 10.12.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കായുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യത്തിന് ഈ വർഷം എത്ര മത്സ്യത്തൊഴിലാളികൾ അർഹരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ചേർന്നിട്ടുളള 1,85,348 ഓളം ഗുണഭോക്താക്കൾ ആനുകൂല്യത്തിന് അർഹരായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ ഓരോ തൊഴിലാളിക്കും മാസം എത്ര രൂപ വീതം ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ; | (ബി) | പഞ്ഞമാസ പദ്ധതിയിലൂടെ ഓരോ തൊഴിലാളിയ്ക്കും അവരിൽ നിന്ന് സമാഹരിച്ച 600 രൂപയും സംസ്ഥാന വിഹിതമായ 600 രൂപയും കേന്ദ്ര വിഹിതമായ 600 രൂപയും ചേർത്ത് 1800 രൂപ വീതം ലഭിയ്ക്കും |
| (സി) | ഇതിനായുള്ള കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്ര രൂപവീതമാണെന്നും ഇവ ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ; | (സി) | ഇതിനായുളള സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും 600 രൂപ വീതം ആണ്. ഈ തുക ലഭ്യമായിട്ടുണ്ട്. |
| (ഡി) | പദ്ധതികളുടെ തുക സമാഹരിച്ച് വിതരണം ചെയ്യുന്നതിനുള്ള ചുമതല ആർക്കാണ് നൽകിയിരിക്കുന്നത് ; | (ഡി) | തുക സമാഹരിച്ച് വിതരണം ചെയ്യുന്നതിനുളള ചുമതല ജില്ലാ ഓഫീസർമാർക്കാണ് നൽകിയിരിക്കുന്നത് |
| (ഇ) | ഈ വർഷം ഇതുവരെ എത്ര പേർക്ക് തുക വിതരണം ചെയ്തു ; | (ഇ) | പദ്ധതിയിൽ അംഗമായി നിശ്ചിത ബാങ്കുകളിൽ അക്കൗണ്ട് എടുത്തവർക്കും അക്കൗണ്ടിൽ സാങ്കേതിക തകരാറില്ലാത്തവർക്കും എല്ലാം തന്നെ തുക ലഭ്യമായിട്ടുണ്ട്. ബാക്കിയുളളവർ അക്കൗണ്ട് എടുക്കുന്ന മുറയ്ക്ക് തുക ലഭ്യമാകുന്നതാണ് . 1,60,917 പേർ ബാങ്ക് അക്കൗണ്ട് എടുത്തിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് എടുത്തിട്ടുളള ഗുണഭോക്താക്കൾക്ക് നോഡൽ ബാങ്കിൽ നിന്നും ഗുണ ഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് തുക ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | തീരപ്രദേശത്ത് കടൽക്ഷോഭവും മത്സ്യദൌർലഭ്യവും നേരിടുന്ന ഈ മാസങ്ങളിൽ കൃത്യമായി തുക വിതരണം ചെയ്യാനാരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്തെന്നും ഉത്തരവാദിത്വം ആർക്കാണെന്നും വ്യക്തമാക്കുമോ ? | (എഫ്) | വ്യക്തിഗത ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സമർപ്പിക്കപ്പെട്ട എല്ലാ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകളിലേയ്ക്ക് ജൂലായ് മാസം മുതൽ തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് എടുക്കുന്നതിലുണ്ടായ സാങ്കേതിക കാരണങ്ങളാലും, അക്കൗണ്ട് എടുക്കാത്തവർക്കും തുക നൽകാൻ താമസം നേരിട്ടിട്ടുണ്ട്. ഇപ്പോഴും ബാങ്ക് അക്കൗണ്ട് നമ്പർ സമർപ്പിച്ചുകൊണ്ടിരിക്കുന്നവരുടെ തുക അവരവരുടെ അക്കൗണ്ടിലേയ്ക്ക് വരവ് ചെയ്തു വരുന്നു. |

Jayasree

സെക്ഷൻ ഓഫീസർ